# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 548 — 11.12.2012 ൽ മറുപടിയ്ക്ക്

## കാർഷിക ഗ്രാമവികസന ബാങ്കിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ഈ സാമ്പത്തിക വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ഈ സാമ്പത്തിക വർഷം കാർഷിക കാർഷികേതര ഹ്രസ്വ കാല വായ്പകൾ ഹൗസിംഗ് അടക്കമുള്ള ദീർഘകാല വായ്പകൾ നൽകാനും, പ്രൈമറി ബാങ്കുകൾ മുഖേന അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വരൂപിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. |
| (ബി) നടപ്പ് സാമ്പത്തികവർഷം എത്ര കോടി രൂപയുടെ വായ്പ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) നടപ്പ് സാമ്പത്തിക വർഷം 1650 കോടി രൂപയുടെ വായ്പ നൽകാനാണ് ലക്ഷ്യമിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു. |

| | | |
|---|---|---|
| a | സാധാരണ വായ്പ | 7.50 കോടി രൂപ |
| b | പദ്ധതി വായ്പ | :250.00 കോടി രൂപ |
| c | കിസാൻ ക്രെഡിറ്റ് വായ്പ | 125 .00 കോടി രൂപ |
| d | കാർഷികേതര വായ്പ | 217.50 കോടി രൂപ |
| e | ഭവന നിർമ്മാണ വായ്പ | 700.00 കോടി രൂപ |
| f | ഗോൾഡ് ലോൺ | 100.00 കോടി രൂപ |
| g | മറ്റ് ഹ്രസ്വകാല വായ്പകൾ | 250.00 കോടി രൂപ |
| | ആകെ | 1650.00 കോടി രൂപ |

| | |
|---|---|
| (സി) കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്കും ഗ്രാമീണ വ്യവസായങ്ങൾക്കും എത്ര കോടി രൂപയാണ് വായ്പ നൽകുന്നത്; വിശദമാക്കുമോ? | (സി) കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്കും ഗ്രാമീണ വ്യവസായങ്ങൾക്കും 700 കോടി രൂപയാണ് വായ്പയായി നൽകുന്നത്. |

സെക്ഷൻ ഓഫീസർ